പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 258 07.08.2017- ൽ മറുപടിയ്ക്ക്

# കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി

**ചോദ്യം** **മറുപടി**

ശ്രീ.ടി.വി.ഇബ്രാഹിം ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്തവർക്ക് കാലാവധി പൂർത്തീകരിച്ചാൽ അത് പുതുക്കേണ്ടിവരുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ; | (ബി) | ശ്രുതിതരംഗം പദ്ധതി പ്രകാരം കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുവാനായി സ്പീച്ച് പ്രോസസറും അക്സസറീസും വാങ്ങി നൽകുന്നുണ്ട്. സ്പീച്ച് പ്രോസസറിന് 4 വർഷവും അക്സസറീസിന് അതിൽ കുറഞ്ഞ വാറണ്ടിയുമാണുള്ളത്. 2012-13 വർഷം സർജറി പൂർത്തീകരിച്ച കുട്ടികളുടെ സ്പീച്ച് പ്രോസസറിന്റെ വാറണ്ടി കാലാവധി അവസാനിച്ചതിനെ തുടർന്ന് മുംബൈ കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനിയുടെ ഇംപ്ലാന്റ് ഉപയോഗിച്ച് സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് extended warranty നൽകുന്നതിനായി 80,500/-രൂപ വീതവും ബാംഗ്ലൂർ അഡ്വാൻസ്ഡ് |

| | | | |
|---|---|---|---|
| | | | ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ഇംപ്ലാന്റ് ഉപയോഗിച്ച് സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് extended warranty നൽകുന്നതിനായി 75,000/-രൂപ വീതവും അനുവദിച്ചിട്ടുണ്ട്. രണ്ട് വർഷത്തേയ്ക്ക് കൂടി extended warranty നൽകാമെന്നാണ് കമ്പനികൾ സമ്മതിച്ചിട്ടുള്ളത്. |
| (സി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കായി വേണ്ടി എത്ര തുക ചെലവഴിച്ചു; എത്രപേർക്ക് എത്ര വീതമെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരമേറ്റശേഷം ശ്രുതിതരംഗം പദ്ധതിയിലൂടെ 126 കുട്ടികൾക്ക് സർജറി നടത്തി 2 വർഷം നീണ്ടുനിൽക്കുന്ന ഓഡിറ്ററി വെർബൽ ഹബിലിറ്റേഷനും നൽകി വരുന്നുണ്ട്. ഇതിനുവേണ്ടി 5,08,98,718/- (അഞ്ച് കോടി എട്ട് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി എഴുന്നൂറ്റി പതിനെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.<br>ഒരു കുട്ടിയ്ക്ക് സർജറി നടത്തുന്നതിനായി 3,84,400/-രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റാണ് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് സർജറി നടത്തുവാനായി വാങ്ങി നൽകുന്നത്. എംപാനൽ ചെയ്തിട്ടുള്ള പ്രൈവറ്റ് ആശുപത്രികളിൽ സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് 2 വർഷം നീണ്ടുനിൽക്കുന്ന ഓഡിറ്ററി വെർബൽ ഹബിലിറ്റേഷനായി 50,000/- രൂപ 4 ഗഡുക്കളായി അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**